**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 920** **14-01-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖാന്തിരമുള്ള ജലവിഭവ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബി മുഖാന്തിരം സംസ്ഥാനത്ത് വിഭാവനം ചെയ്തിട്ടുള്ള ജലവിഭവ പദ്ധതികൾ എത്രയെണ്ണമാണ്; ഇതിനായി നീക്കി വച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; | (എ) | ജലസേചന വകുപ്പ് മുഖേന നടപ്പാക്കുന്ന കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപസ് വെഹിക്കിൾ ആയ കെ.ഐ.ഐ.ഡി.സി. ഏകദേശം 33 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി തത്വത്തിലുള്ള അംഗീകാരം നൽകുകയും 31 പ്രവർത്തികളുടെ ഡി.പി.ആർ. തയാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 15 പ്രവർത്തികൾക്ക് കിഫ്ബിയിൽ നിന്നും ഇതിനകം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ കീഴിൽ കിഫ്ബി മുഖാന്തിരം വിഭാവനം ചെയ്തിട്ടുള്ള 75 കുടിവെള്ള പദ്ധതികൾ 70 കുടിവെള്ള പദ്ധതികളിൽ 70 കുടിവെള്ള പദ്ധതികൾക്ക് 4428.769 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിൽ കിഫ്ബി മുഖാന്തിരം മൂന്ന് പദ്ധതികളാണ് നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി നീക്കിവച്ചിട്ടുള്ള തുക 43.90 കോട രൂപയാണ്. ഈ പ്രവൃത്തികൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (ബി) | കിഫ്ബി മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ജലവിഭവ പദ്ധതികൾ ഏതൊക്കെയാണ്; ജില്ലതിരിച്ച് വിശദീകരിക്കാമോ; | (ബി) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേന നടപ്പാക്കുന്ന പ്രവർത്തികളുടെ പുരോഗതിയും കിഫ്ബിയിൽ ഭരണാനുമതിക്കായി സമർപ്പിച്ച പ്രവർത്തികളുടെ ജില്ലാ തിരിച്ചുള്ള പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം 1) കേരള ജല അതോറിറ്റി മുഖേന കിഫ്ബിയുടെ അനുമതി ലഭിച്ച 70 കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -2 ആയി ചേർക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും കിഫ്ബിയുടെ അനുമതി ലഭ്യമാകേണ്ടതുമായ ബാക്കി 5 പദ്ധതികളുടെ വിശദാംശ ങ്ങൾ ജില്ല തിരിച്ച് |

| | | | |
|---|---|---|---|
| | | | അനുബന്ധം -3 ആയി ചേർക്കുന്നു. ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2 മുഖേന 1) തൃശ്ശൂർ ജില്ലയിൽ പുതുക്കാട് പഞ്ചായത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കാനത്തോട് റഗുലേറ്റർ കം ബ്രിഡ്ജ് - 22 കോടി 2) കോട്ടയം ജില്ലയിൽ കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പിലാവ് ഭാഗത്ത് മീനച്ചിലാറിനു കുറുകെ നടപ്പാലത്തോടുകൂടിയ റഗുലേറ്ററിന്റെയും മിനിഡാമിന്റെയും നിർമ്മാണം - 10.10 കോടി 3) കോട്ടയം ജില്ലയിലെ ഭരണങ്ങാനം പഞ്ചായത്തിലെ കുറ്റനാൽക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം - 11.80 കോടി എന്നിങ്ങനെ തുക വകയിരുത്തിയ പദ്ധതികൾ ഉണ്ട്. |
| (സി) | ഓരോ ജലവിഭവ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ? | (സി) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേന നടപ്പാക്കുന്ന പ്രവർത്തികളുടെ പുരോഗതിയും കിഫ്ബിയിൽ ഭരണാനുമതിക്കായി സമർപ്പിച്ച പ്രവർത്തികളുടെ ജില്ലാ തിരിച്ചുള്ള പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം 1) കേരള ജല അതോറിറ്റി മുഖേന കിഫ്ബിയുടെ അനുമതി ലഭിച്ച 70 കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -2 ആയി ചേർക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും കിഫ്ബിയുടെ അനുമതി ലഭ്യമാകേണ്ടതുമായ ബാക്കി 5 പദ്ധതികളുടെ വിശദാംശ ങ്ങൾ ജില്ല തിരിച്ച് അനുബന്ധം -3 ആയി ചേർക്കുന്നു. ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2 മുഖേന 1) തൃശ്ശൂർ ജില്ലയിൽ പുതുക്കാട് പഞ്ചായത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കാനത്തോട് റഗുലേറ്റർ കം ബ്രിഡ്ജ് - 22 കോടി 2) കോട്ടയം ജില്ലയിൽ കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പിലാവ് ഭാഗത്ത് മീനച്ചിലാറിനു കുറുകെ നടപ്പാലത്തോടുകൂടിയ റഗുലേറ്ററിന്റെയും മിനിഡാമിന്റെയും നിർമ്മാണം - 10.10 കോടി 3) കോട്ടയം ജില്ലയിലെ ഭരണങ്ങാനം പഞ്ചായത്തിലെ കുറ്റനാൽക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം - 11.80 കോടി എന്നിങ്ങനെ തുക വകയിരുത്തിയ പദ്ധതികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ